# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.2642** 14.12.2015- ൽ മറുപടിയ്ക്ക്

## ജലസേചന വകുപ്പ് ഹൈഡ്രോളജി വിഭാഗം താല്ക്കാലിക ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

| ചോദ്യം | | | മറുപടി |
|---|---|---|---|
| | ശ്രീ.മോൻസ് ജോസഫ് : | | ശ്രീ.പി.ജെ.ജോസഫ്<br>[ജലവിഭവ വകുപ്പുമന്ത്രി] |
| എ) | ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഹൈഡ്രോളജി വിഭാഗത്തിൽ ടൈഡൽ ഗേജ് ഒബ്സർവർ, റിവർഗേജ് അസിസ്റ്റന്റ്, ക്ലൈമാറ്റിക് സ്റ്റേഷൻ ഒബ്സർവർ, റെയിൻഗേജ് ഒബ്സർവർ എന്നീ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന 10 വർഷത്തിലധികം സർവ്വീസുള്ള എത്ര ജീവനക്കാരുണ്ട്; ഇവരുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | എ) & ബി) | ടൈഡൽ ഗേജ് ഒബ്സർവർ, റിവർഗേജ് ക്ലൈമാറ്റിക് സ്റ്റേഷൻ ഒബ്സർവർ, റെയിൻഗേജ് ഒബ്സർവർ എന്നീ തസ്തികകളിൽ ഒരു വർഷത്തേയ്ക്ക് ക്വട്ടേഷൻ വ്യവസ്ഥയിലാണ് നിയമനം നടത്തുന്നത്. ക്വട്ടേഷൻ അംഗീകരിച്ചു കഴിഞ്ഞാൽ ഡിപ്പാർട്ടുമായി ഒരു ഉടമ്പടിയിൽ ഏർപ്പെടും. ജോലിയിൽ ഏർപ്പെടുന്ന ഡിപ്പാർട്ട്മെന്റിൽനിന്നും മറ്റ് ആനുകൂല്യങ്ങളോ അവകാശങ്ങളോ ആവശ്യപ്പെടാൻ പാടില്ല എന്നും ഡിപ്പാർട്ട്മെന്റ് ഗേജ് റീഡിംഗ് നിർത്തൽ ചെയ്യുകയാണെങ്കിൽ യാതൊരുവിധ പ്രതിഫലമോ അവകാശമോ കൂടാതെ പിരിഞ്ഞുപോകുന്നതാണെന്നും ഉടമ്പടി യിൽ വ്യവസ്ഥ ഉണ്ട്. മാത്രമല്ല മേൽപ്പറഞ്ഞ വിഭാഗങ്ങൾക്ക് സ്ഥിരം തസ്തികകൾ നിലവിൽ ഇല്ല |
| ബി) | സർക്കാർ നിയമമനുസരിച്ച് 10 വർഷം സർവ്വീസുള്ള ഇത്തരം ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; ഇതു സംബന്ധിച്ച് ഫയൽ നിലവിലുണ്ടോ ; ഇതിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത് ? | | |

സെക്ഷൻ ഓഫീസർ